<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6599</u> <u>11-07-2024 - ൽ മറുപടിയ്ക്ക്</u>

<u>കിഫ്ബി മുഖേനയുള്ള പൊതുമരാമത്ത് പദ്ധതികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കിഫ്ബി മുഖേന പൊതുമരാമത്ത് വകുപ്പ് എത്ര പദ്ധതികൾ നടപ്പാക്കി; എത്രയെണ്ണം പൂർത്തീകരിച്ചു; എത്രയെണ്ണം പൂർത്തീകരിക്കാനുണ്ട്; എത്ര പദ്ധതികൾ ഉപേക്ഷിച്ചു; വിശദാംശം സാമ്പത്തികവർഷം തിരിച്ച് വ്യക്തമാക്കുമോ? | (എ) | തീരദേശ, മലയോര ഹൈവേകൾക്ക് പുറമെ, സംസ്ഥാന പാതകൾ, ബൈപാസുകൾ, പാലങ്ങൾ, ഫ്‌ളൈഓവറുകൾ, ജംഗ്ഷനുകൾ തുടങ്ങിയ പ്രവൃത്തികളാണ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നത്. ആകെ 596 പദ്ധതികൾക്കാണ് ഇത്തരത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളത്. 413 പ്രവൃത്തികൾക്കായി നാളിതുവരെ 23,945.74 കോടി രൂപയുടെ സാമ്പത്തിക അനുമതിയാണ് കിഫ്ബി അനുവദിച്ചിട്ടുള്ളത്. 114 പ്രവൃത്തികൾ നിലവിൽ പുരോഗമിക്കുന്നു. 76 പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമെ 20 പ്രധാന ജംഗ്ഷനുകൾക്കും, കണ്ണൂർ എയർപോർട്ട് കണക്ടിവിറ്റി പദ്ധതിക്കുമുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.<br><br>2016-17 സാമ്പത്തിക വർഷത്തിൽ, ആകെ 223 പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത സാമ്പത്തിക വർഷത്തിൽ ഒരു പ്രവൃത്തിയ്ക്കും കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിക്കാത്ത സാഹചര്യത്തിൽ പ്രവൃത്തികൾ നടന്നിരുന്നില്ല.<br><br>2017-18 സാമ്പത്തിക വർഷത്തിൽ, ആകെ 313 പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ആകെ 128 പ്രവൃത്തികൾക്കായി 5725.94 കോടി രൂപയുടെ സാമ്പത്തിക അനുമതിയാണ് കിഫ്ബി അനുവദിച്ചിട്ടുള്ളത്. പ്രസ്തുത സാമ്പത്തിക വർഷത്തിൽ പ്രവൃത്തികൾ ഒന്നും തന്നെ പൂർത്തീകരിച്ചിട്ടില്ല.<br><br>2018-19 സാമ്പത്തിക വർഷത്തിൽ, ആകെ 25 പദ്ധതികൾക്കാണ് ഇത്തരത്തിൽ ഭരണാനുമതി നൽകിയത്. ആകെ 66 പ്രവൃത്തികൾക്കായി 3302.81 കോടി രൂപയുടെ സാമ്പത്തിക അനുമതിയാണ് കിഫ്ബി അനുവദിച്ചിട്ടുള്ളത്. ഒരു പ്രവൃത്തി ഈ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| | | | 2019-20 സാമ്പത്തിക വർഷത്തിൽ, ആകെ ഒരു പദ്ധതിക്കാണ് ഇത്തരത്തിൽ ഭരണാനുമതി നല്കിയിട്ടുള്ളത്. ആകെ 56 പ്രവർത്തികൾക്കായി 3759.51 കോടി രൂപയുടെ സാമ്പത്തിക അനുമതിയാണ് കിഫ്ബി അനുവദിച്ചിട്ടുള്ളത്. 11 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2020-21 സാമ്പത്തിക വർഷത്തിൽ, ആകെ 3 പദ്ധതികൾക്കാണ് ഇത്തരത്തിൽ ഭരണാനുമതി നല്കിയിട്ടുള്ളത്. ആകെ 53 പ്രവൃത്തികൾക്കായി 2366.17 കോടി രൂപയുടെ സാമ്പത്തിക അനുമതിയാണ് കിഫ്ബി അനുവദിച്ചിട്ടുള്ളത്. 15 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2021-22 സാമ്പത്തിക വർഷത്തിൽ, ഒരു പ്രവർത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല എന്നാൽ 30 പ്രവൃത്തികൾക്കായി 2603.18 കോടി രൂപയുടെ സാമ്പത്തിക അനുമതിയാണ് കിഫ്ബി അനുവദിച്ചിട്ടുള്ളത്. 19 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2022-23 സാമ്പത്തിക വർഷത്തിൽ, ആകെ 31 പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ആകെ 40 പ്രവർത്തികൾക്കായി 4615.11 കോടി രൂപയുടെ സാമ്പത്തിക അനുമതിയാണ് കിഫ്ബി അനുവദിച്ചിട്ടുള്ളത്. 15 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2023-24 സാമ്പത്തിക വർഷത്തിൽ, ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല. എന്നാൽ 40 പ്രവൃത്തികൾക്കായി 1573.01 കോടി രൂപയുടെ സാമ്പത്തിക അനുമതിയാണ് കിഫ്ബി അനുവദിച്ചിട്ടുള്ളത്. 15 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിൽ മാറ്റിവെച്ചിരുന്ന പല പ്രവൃത്തികളും പിന്നീടുള്ള സാമ്പത്തിക വർഷങ്ങളിൽ പരിഗണിക്കുകയുമുണ്ടായി. നിലവിൽ ആകെ 58 പ്രൊജെക്ടുകൾ ആണ് വിവിധ കാരണങ്ങളാൽ മാറ്റിവെച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ